പത്രക്കുറിപ്പ്
13-12-2016

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി

കുടുംബശ്രീ ഐരാണിമുട്ടത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി

തിരുവനന്തപുരം: ഹരിതകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ഐരാണിമുട്ടത്ത് ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. കുടുംബശ്രീ ഡയറക്ടർ എൻ.കെ ജയ, പ്രോഗ്രാം ഓഫീസർ പ്രമോദ് വർക്കി എന്നിവരുടെ നേതൃത്വത്തിൽ സംസ്ഥാന മിഷനിലെ അമ്പതോളം ജീവനക്കാരാണ് ഇതിൽ പങ്കാളികളായത്. നഗരസഭയിലെ ജീവനക്കാരും ശുചീകരണ പ്രവർത്തനങ്ങളിൽ കുടുംബശ്രീക്കൊപ്പം പങ്കെടുത്തു.

രാവിലെ എട്ടുമണിക്കാണ് ശുചീകരണ പരിപാടികൾ ആരംഭിച്ചത്. ഐരാണിമുട്ടം കാലടി റോഡിലെ ഹോമിയോ കോളേജിനു സമീപത്തെ മാലിന്യം പൂർണമായും നീക്കം ചെയ്ത ശേഷം ബ്ളീച്ചിംഗ് പൗഡർ ഉപയോഗിച്ച് വൃത്തിയാക്കി.

ഹരിതകേരളം പദ്ധതിയുടെ ഭാഗമായി നഗരസഭയുടെ നേതൃത്വത്തിൽ ജില്ലയിൽ എട്ട് പ്രദേശങ്ങളാണ് ശുചീകരിക്കുന്നതിനായി തിരഞ്ഞെടുത്തിരുന്നത്. ഇതിൽ ഐരാണിമുട്ടത്തെ ശുചീകരണ പരിപാടികൾ കുടുംബശ്രീ ഏറ്റെടുക്കുകയായിരുന്നു.

ഫോട്ടോ-അടിക്കുറിപ്പ്: ഐരാണിമുട്ടത്ത് കുടുംബശ്രീ സംസ്ഥാന മിഷനിലെ ജീവനക്കാർ ശുചീകരണ പ്രവർത്തനം നടത്തുന്നു

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ